കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് - 2018 -19 വാർഷിക പദ്ധതി- ജൈവവള വിതരണം (പ്രൊജക്ട് നമ്പർ 64/19)പട്ടയ ഭൂമിയില്ലാത്ത കർഷകരായ ഗുണഭോക്താക്കൾക്കും ജൈവവളത്തിനു ധനസഹായം അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 437/2019/തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 26.02.2019

---

പരാമർശം :- 1. ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.12.2018-ലെ കത്ത് .
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05/02/2019-ലെ 4.29 നമ്പർ തീരുമാനം .

**ഉത്തരവ്**

ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2018 -19 വാർഷിക പദ്ധതിയിലുൾപ്പെട്ട ജൈവവള വിതരണം (പ്രൊജക്ട് നമ്പർ 64/19 ) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പട്ടയമുള്ള ഗുണഭോക്താക്കൾക്കും പട്ടയമില്ലാത്ത ഗുണഭോക്താക്കൾക്കും ഒരു പോലെ ജൈവവളത്തിനു ധനസഹായം നകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പട്ടയം ഇല്ലാത്തവർക്കും ജൈവവളത്തിനു ധനസഹായം നൽകി പ്രസ്തുത പ്രോജക്ട് നടപ്പിലാക്കാനുള്ള അനുമതിക്കായി ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ച പ്രസ്തുത യോഗത്തിന്റെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 2018 -19 വാർഷിക പദ്ധതിയിലുൾപ്പെട്ട ജൈവവള വിതരണം (പ്രൊജക്ട് നമ്പർ 64/19 ) എന്ന പദ്ധതി പ്രകാരം പട്ടയം ഇല്ലാത്തവർക്കും ജൈവവളത്തിനു ധനസഹായം നൽകുന്നതിന് , മറ്റു നിബന്ധനകൾ പാലിക്കണം, കൃഷി ചെയ്യുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണം എന്നീ വ്യവസ്ഥകൾക്കു വിധേയമായി നടപ്പാക്കാൻ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്, ഇടുക്കി .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ